4029
9/4/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി - 2014-15 സാമ്പത്തിക വർഷത്തെ സർക്കാർ വിഹിതം ക്ഷേമനിധിയിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം. 199/2015/സാനീവ** **തീയതി, തിരുവനന്തപുരം:28.03.2015**

---

പരാമർശം : (1) സ.ഉ.(പി)നം.12/1992/സാക്ഷേവ തീയതി 10.04.1992.

(2) സ.ഉ.(എം.എസ്)നം.78/2003/സാക്ഷേവ തീയതി 18.12.2003.

(3) സ.ഉ.(സാധാ)നം.256/2014/സാനീവ തീയതി 31.03.2014.

(4) 27.02.2015 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ AWWF/D2-807/13 നമ്പർ കത്ത്.

**ഉത്തരവ്**

കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിലേയ്ക്ക് അംഗങ്ങൾ നിക്ഷേപിക്കുന്ന തുകയ്ക്ക് തുല്യമായ സർക്കാർ വിഹിതം ക്ഷേമനിധിയിലേയ്ക്ക് അനുവദിക്കുന്നതിനായി പരാമർശം (1),(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 01.03.2013 മുതൽ 31.03.2014 വരെ ക്ഷേമനിധിയിലേയ്ക്ക് അംഗങ്ങൾ 1,80,54,474/- രൂപ നിക്ഷേപിച്ചിരുന്നു. എന്നാൽ 2013-14 സാമ്പത്തിക വർഷം ക്ഷേമനിധിയ്ക്കായി 78,82,000/- രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളുയെന്നും ടി തുകയിൽ നിന്നും 2012-13 വർഷം ലഭിക്കേണ്ട 33,85,532/- രൂപ മാറി ക്ഷേമനിധിയിൽ നിക്ഷേപിക്കുകയുണ്ടായിയെന്നും 2013-14 സാമ്പത്തിക വർഷത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം അനുവദിച്ച ബാലൻസ് തുകയായ 44,96,468/- രൂപ ട്രഷറി നിയന്ത്രണം കാരണം മാറി നിക്ഷേപിക്കുന്നതിന് കഴിഞ്ഞിരുന്നില്ലായെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 01.04.2014 മുതൽ 31.12.2014 വരെ 1,24,84,607/- രൂപ ക്ഷേമനിധി അംഗങ്ങളിൽ നിന്നും ക്ഷേമനിധി വിഹിതമായി ലഭിച്ചിട്ടുണ്ട് എന്നും ആയതിനാൽ 2014-15 സാമ്പത്തിക വർഷം ക്ഷേമനിധിയുടെ '2235-02-102-89(എൻ.പി)(10) സംഭാവന' ശീർഷകത്തിൽ അനുവദിച്ച 78,82,000/- രൂപ മാറി നിക്ഷേപിക്കുന്നതിനാവശ്യമായ അനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-102-89(എൻ.പി)10 Contributions' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 78.82/- ലക്ഷം രൂപ (എഴുപത്തിയെട്ട് ലക്ഷത്തി എൺപത്തി രണ്ടായിരം രൂപ മാത്രം) 2014-15 സാമ്പത്തിക വർഷത്തെ സർക്കാർ വിഹിതമായി ക്ഷേമനിധിയിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (WW2/52/2014/Fin. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ